# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5902 — 19.11.2019- ൽ മറുപടിക്ക്

### സ്കിൽഡ് എന്റർപ്രണർ മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ സ്കിൽഡ് എന്റർപ്രണർ മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | എ)<br>&<br>ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലുമുള്ള വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുക, വിവിധ തൊഴിലുകളിലെ മികച്ച തൊഴിലാളികളുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നൈപുണ്യ തൊഴിൽ സംരംഭ യൂണിറ്റുകൾ (സ്കിൽഡ് എന്റർപ്രണർ മൾട്ടി പർപ്പസ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) രൂപീകരിക്കാൻ ഇത് സംബന്ധിച്ച് കൂടിയ ആലോചന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.<br><br>മരപ്പണി, കെട്ടിട നിർമ്മാണം, പെയിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്ക്, കൽപ്പണി, വെൽഡിംഗ്, കാറ്ററിംഗ്, ഐ.ടി, മോട്ടോർ വാഹന റിപ്പയറിംഗ്, ഡ്രൈവിംഗ്, തെങ്ങ് കയറ്റം, കാർഷികാധിഷ്ഠിത ജോലികളിലേതെങ്കിലും ഉൾപ്പടെയുള്ള മേഖലകളിൽ ജോലി ചെയ്യാൻ താൽപര്യമുള്ളവരെ ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരമോ, മറ്റ് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ ഏജൻസികൾ മുഖാന്തിരമോ ആവശ്യമായ പരിശീലനം നൽകി സംഘത്തിൽ ഉൾപ്പടുത്തുന്നതിനാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ